പുതിയ ലൈസൻസ് നൽകുകയോ നിലവിലുള്ളത് പുതുക്കുകയോ ലൈസൻസുകളുടെ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യരുതെന്ന ശുപാർശ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിദേശകപ്പലുകൾ ആഴക്കടൽ മത്സ്യസമ്പത്ത് അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതു ഒരു പരിധിവരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**15 (*105) മത്സ്യബന്ധനമേഖലയുടെ അഭിവൃദ്ധിയ്ക്കായി പദ്ധതികൾ**

ശ്രീ. ടി.എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയുടെ അഭിവൃദ്ധിയ്ക്കായി സർക്കാർ രൂപം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്ത് ഫിഷ് സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിലേയ്ക്കായി എന്തു തുക ഈ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ഫിഷ് സെന്ററുകളുടെ പ്രവർത്തനം നിശ്ചിതസമയത്തിനുള്ളിൽ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ തലായ് എന്നിവിടങ്ങളിൽ പുതിയതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കരയ്ക്കെടുപ്പിക്കുന്നതിനുവേണ്ടി താഴെപറയുന്ന മണ്ഡലങ്ങളിൽ സ്റ്റാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം സൗത്ത്, പുന്നപ്ര, കാട്ടൂർ-പൊള്ളാത്തായ്, അർത്തുങ്കൽ, വള്ളിക്കുന്ന്, വെള്ളയിൽ, കൊയിലാണ്ടി, ചാലിൽ ഗോപാലപ്പേട്ട, ഇടിക്കുളം, തിക്കോടി, കടപ്ര, കാഞ്ഞങ്ങാട്, പൂവാർ, മരിയനാട്, പുല്ലുവിള, പൂന്തുറ, നായരമ്പലം, ഉദയംപേരൂർ, പരവൂർ, കുണ്ടറ, ചെമ്പ്, പടന്ന.

യന്ത്രവൽകൃത ബോട്ടുകൾക്ക് മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന സ്ഥലങ്ങളിൽ ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്, നീലേശ്വരം, ധർമ്മടം, ചെറുവത്തൂർ, ന്യൂമാഹി, മുനയ്ക്കടവ്, ചേറ്റുവ, തോട്ടപ്പള്ളി, പാലക്കാട്.

(ഡി) മത്സ്യബന്ധന തുറമുഖങ്ങൾ - 1285 ലക്ഷം രൂപ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയുള്ള കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ-100 ലക്ഷം രൂപ. യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടിയുള്ള കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ - 5 ലക്ഷം രൂപ.

(ഇ) സ്വീകരിച്ചു വരുന്നു.

**16 (*106) സംസ്ഥാനത്ത് ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനം**

ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മാരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സ്കൂളുകൾ എവിടെയെല്ലാം പ്രവർത്തിച്ചു വരുന്നു;

(ബി) അവ ഇപ്പോൾ ഏത് തലം വരെ നിലവിലുണ്ട്;

(സി) തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ഓപ്പൺ സ്കൂൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കോളേജുകൾ പ്രീഡിഗ്രി വേർപ്പെടുത്തുകയും വാഴ്സിറ്റികളിൽ പ്രീഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഓപ്പൺ സ്കൂൾ എപ്രകാരം പ്രയോജനപ്രദമാകുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര ഓപ്പൺ സ്കൂൾ വീതം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ജി) സംസ്ഥാനത്തെ ഓപ്പൺ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി നാഷണൽ ഓപ്പൺ സ്കൂളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സംസ്ഥാന ഓപ്പൺ സ്കൂൾ തൽക്കാലം എസ്.സി.ആർ.ടി. യുടെ ഒരു യൂണിറ്റാണ് പ്രവർത്തിച്ചു വരുന്നത്.

(ബി) ഹയർസെക്കന്ററിയിലേക്കാണ് ഇപ്പോൾ അഡ്മിഷൻ നടത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) തൊഴിലധിഷ്ഠിത കോഴ്സുകൾ ഓപ്പൺ സ്കൂൾ വഴി നടത്തുന്നതിനെക്കുറിച്ച് വിശദമായി പരിശോധിച്ചു വരികയാണ്.

(ഇ) കോളേജുകളിൽ പ്രീഡിഗ്രി വേർപ്പെടുത്തിയാലും വാഴ്സിറ്റികളിൽ പ്രിഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ അവസാനിപ്പിച്ചാലും ഓപ്പൺ

LIBRARY ARCHIVES Kerala Legislative Assembly